Mathrubhumi 9.5.68

തപ്പതിപ്പ്

മരുന്നുചെടികളെക്കുറിച്ചു പഠനം: ഒരു പുതിയ അദ്ധ്യായം

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

കേരളക്കരയിൽ ആയുർവ്വേദത്തിന്ന ആദ്യകാലം മുതൽ വലിയ പ്രാധാന്യം സിദ്ധിച്ചിട്ടുണ്ട്. ഔഷധവീര്യമുള്ള ചെടികൾ ഇവിടെ എണ്ണമില്ലാതെ ഉണ്ടെന്നു പറയേണ്ടതില്ല. എങ്കിലും ഇവിടത്തെ സസ്യവിഭവങ്ങളെ സംബന്ധിച്ചും സമ്പൂർണ്ണവിവരങ്ങൾ നൽകുന്ന ആധികാരിക ഗ്രന്ഥങ്ങൾ, ആധുനിക ശാസ്ത്രരീതികളെ അവലംബിച്ച് അധികം ഉണ്ടായിട്ടില്ല. നമ്മുടെ സസ്യസമ്പത്തിന്റെ ഏകദേശരൂപമെങ്കിലും ഗ്രഹിക്കാവുന്ന പുസ്തകങ്ങൾ സാധാരണക്കാരുടെ ആവശ്യത്തിനു ലഭ്യമാക്കിത്തീർക്കേണ്ടത് ഒരു അടിയന്തരാവശ്യമാണെന്നു പറയേണ്ടതായിരിക്കുന്നു. സസ്യജാലങ്ങളോടു പൊതുവിൽ, ജനങ്ങൾക്കു താല്പര്യവും സ്നേഹവും കൈവരുത്തുവാൻ ഇതു മാത്രമേ വഴിയുള്ളു. പ്രത്യക്ഷമായോ പരോക്ഷമായോ ജന്തുജീവിതം സസ്യങ്ങളോടു കടപ്പെട്ടിരിക്കുന്നു എന്ന ബോധം ദൃഢമൂലമാകുമ്പോൾ, ഇടവും വലവും നോക്കാതെ ചെടികളെ നശിപ്പിക്കുന്ന ദുശ്ശീലം, മനുഷ്യർ ഉപേക്ഷിച്ചുകൊള്ളും. വനസംരക്ഷണത്തിനുവേണ്ടി മാത്രമല്ല, ഈ മനോഭാവം മനുഷ്യനിൽ ഉണ്ടാകേണ്ടത്. സസ്യപരിപോഷണം ജീവിതത്തിൽ സ്വീകരിച്ചു തുടങ്ങുമ്പോൾ, ആനന്ദത്തിന്റെ പുതിയ നീരുറവുകൾ ഹൃദയത്തിൽ കണ്ടെത്തിത്തുടങ്ങും. അനായാസമായി സിദ്ധിക്കാവുന്ന ആനന്ദത്തിലേക്കുള്ള വഴി, സാധാരണക്കാരനു കാണിച്ചുകൊടുക്കേണ്ട കർത്തവ്യം ശാസ്ത്രജ്ഞന്മാർക്കുണ്ട്. പ്രഗൽഭരായ പല ശാസ്ത്രജ്ഞന്മാരും നമ്മുടെ നാട്ടിൽ ഉണ്ടെങ്കിലും ഈ കാര്യത്തിൽ ശ്രദ്ധ ചെലുത്തിയിട്ടുള്ളവർ കുറവാണ്. സ്വന്തം വീട്ടുമുറ്റത്തു നിൽക്കുന്ന ചെടികളെക്കുറിച്ചുപോലും, അവയുടെ പേരു പോലും, അറിവില്ലാത്തവരാണ് നമ്മുടെ ആളുകളിൽ അധികം പേരും. സസ്യങ്ങളുടെ കാര്യത്തിൽ താല്പര്യം കാണിച്ചു തുടങ്ങേണ്ടതു് പ്രകൃതിനിരീക്ഷണത്തിൽ ശ്രദ്ധിക്കുന്നവരുടെ ആദ്യത്തെ കർത്തവ്യമാണെന്നു പറയേണ്ടിയിരിക്കുന്നു.

ചെടികളെക്കുറിച്ചു അറിവില്ലാത്ത സ്ഥിതിക്കു്, അവയിൽ അന്തർലീനങ്ങളായിട്ടുള്ള ഔഷധഗുണങ്ങളെപ്പററി ബോധമുള്ളവരായിത്തീരുക എളുപ്പമല്ലല്ലോ. ആയുർവ്വേദം അത്ഭുതവിജയങ്ങൾ നേടിയിട്ടുള്ള നമ്മുടെ നാട്ടിലെ സ്ഥിതി ഇതാണെന്നു് അന്യനാട്ടുകാർ അറിയുന്നതു് എത്രയോ ആക്ഷേപമുള്ള കാര്യമായിരിക്കും! കേരളക്കരയിൽ അങ്ങോളമിങ്ങോളം അംഗീകാരമുള്ള സസ്യനാമങ്ങൾ തുലോം കുറവാണ്. ഒരു ചെടി തിരുവനന്തപുരത്തിനു സമീപം ഉള്ള പ്രദേശങ്ങളിൽ അറിയപ്പെടുന്നതു് ഒരു പേരിലായിരിക്കും. ആ ചെടികൾ തന്നെ മദ്ധ്യകേരളത്തിലും മലബാറിലും മററു പേരുകളാണുണ്ടായിരിക്കുക. ഇതു എന്തൊക്കെ കുഴപ്പങ്ങളാണ് സൃഷ്ടിക്കുന്നതെന്നു് പറയേണ്ടതായിട്ടില്ല. ആധികാരികങ്ങളായ ഗ്രന്ഥങ്ങളിൽ പരാമർശിക്കപ്പെടുന്ന ഔഷധച്ചെടികളുടെ കഥയും ഇതു തന്നെ. ഇതു കാരണം തിരുവനന്തപുരത്തു ഒരു വൈദ്യൻ തയ്യാറാക്കുന്ന മരുന്നു് ആയിരിക്കുകയില്ല മിക്കപ്പോഴും, അതേ വിധിപ്രകാരം തലശ്ശേരിയിൽ തയ്യാറാക്കുന്നതു്! സംസ്കൃതനാമങ്ങളിലറിയപ്പെടുന്ന സസ്യങ്ങൾ പലതും പല പ്രദേശത്തും പലതായിട്ടാണ് വ്യാഖ്യാനിച്ച്സ്വീകരിക്കുന്നത്. ഔഷധച്ചെടികളെ സംബന്ധിച്ചുള്ള ഈ കുഴപ്പങ്ങൾ പരിഹരിക്കുന്നതിന്നു് ഒരേ ഒരു മാർഗമേയുള്ളു. ഓരോന്നിനേയും അത്യന്തം ശ്രദ്ധയോടെ വിശകലനം ചെയ്തു്, ആധുനിക ശാസ്ത്രീയരീതിയിൽ വിവരിച്ച്, നിർണ്ണയിക്കുക. എല്ലായിടത്തും അംഗീകാരം ലഭിക്കത്തക്ക വിധത്തിൽ, അംഗീകൃത നാമധേയങ്ങൾ ഉറപ്പിക്കുക. ആവശ്യമുള്ള ഏതൊരാളിനും തെററു കൂടാതെ ചെടിയെ തിരിച്ചറിയത്തക്കവിധത്തിൽ വിവരണം നൽകുന്ന ആധികാരികഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുക.

മൂലികാഗവേഷണ പദ്ധതി

ഏതാണ്ട് ഇതേ ലക്ഷ്യം വച്ചുകൊണ്ട് തിരുവിതാംകൂർ സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ ആയുർവ്വേദത്തിലെ മുഖ്യ മൂലികകളെ സംബന്ധിച്ചു വിവരങ്ങൾ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുവാനുള്ള ഒരു പദ്ധതി 1946–ൽ ആരംഭിക്കുകയുണ്ടായി. അന്നു് തിരുവിതാംകൂറിലെ ആയുർവ്വേദ ഡയറക്ടറായിരുന്ന ഡാ. എൽ. എ. രവിവർമ്മയുടെ അഭിപ്രായമനുസരിച്ചാണ് മൂലികാ ഗവേഷണപദ്ധതി രൂപീകരിച്ചത്. ആയുർവ്വേദ ഗ്രന്ഥങ്ങളിൽ പറയുന്ന ഔഷധച്ചെടികളെപ്പററി ആധുനിക സസ്യശാസ്ത്രപ്രകാരമുള്ള വിവരങ്ങളും മററും ക്രോഡീകരിച്ച്, സമഗ്രമായ രൂപത്തിൽ ആധികാരികഗ്രന്ഥ പരമ്പര പരസ്യപ്പെടുത്തുകയെന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. ഔഷധച്ചെടികളെക്കുറിച്ചുള്ള സംശയങ്ങളും അശാസ്ത്രീയ വിശ്വാസങ്ങളും ദൂരീകരിച്ച് വിധിപ്രകാരമുള്ള ശരിയായ മരുന്നുകൾ ചികിത്സയ്ക്കു ഉതകുന്നതിന്നു വൈദ്യശാസ്ത്രജ്ഞരെ സഹായിക്കുവാൻ ഇതാണ് ഏററവും നല്ല വഴിയെന്നതിൽ സംശയമില്ല. തെററു പററാതെ ഔഷധം പ്രയോഗിച്ചാലല്ലേ രോഗശാന്തിയുണ്ടാകൂ. ആയുർവ്വേദത്തെ ആധുനിക ശാസ്ത്രത്തോട് അടുപ്പിക്കുന്നതിനുള്ള ആദ്യത്തെ പടി ഇതാണെന്നതിലും രണ്ടഭിപ്രായമുണ്ടാകുന്നതല്ല.

ഒരു ചെടിയുടെ ഔഷധഗുണങ്ങൾ ഓർമ്മ വയ്ക്കുന്നതിന്നു വേണ്ടി ശ്ലോകരൂപത്തിലും മററുമാണല്ലോ ആയുർവ്വേദഗ്രന്ഥങ്ങളിൽ, വിവരങ്ങൾ നൽകിയിട്ടുള്ളതു്. പലപ്പോഴും ഈ വിവരങ്ങളെ മാത്രം ആശ്രയിച്ച് ഒരു സസ്യത്തെ തരം തിരിച്ച് നിർണ്ണയിക്കുക എളുപ്പമല്ല. നിഷ്കൃഷ്ടമായ വിവരങ്ങളുടെ അഭാവത്താൽ സമാനഗുണങ്ങളുള്ള സസ്യങ്ങളെ സ്വീകരിക്കേണ്ടിവരുന്ന സാഹചര്യങ്ങളാണ് സാധാരണയുണ്ടാകുക. പുതിയ ജീവിതരീതികളാലും സസ്യജാലങ്ങളുമായുള്ള സമ്പർക്കരാഹിത്യത്താലും സാധാരണക്കാർക്ക്, നൂററാണ്ടുകളായി നിലനിന്നുവരുന്ന അതൃപ്തികരമായ പരിതസ്ഥിതികളിൽ നിന്നു് മോചനം നേടാൻ സാധിക്കാതെ വരുന്നു. അതിനാൽ സസ്യങ്ങളെ ശാസ്ത്രീയമായി വിവരിച്ചും മററും വ്യക്തമായി നിർണ്ണയിക്കു

(ശേഷം 8–ാം പേജിൽ)

ജി.എൻ.ബി. അന്തരിച്ചു. അദ്ദേഹത്തിന്റെ ഗാനമാധുരിയിലൂടെയും അദ്ദേഹം സംഗീതലോകത്തിന്നു നൽകിയ സമ്പത്തിലൂടെയും ജി.എൻ.ബി. എന്നും ജീവിക്കും.

ആ കലാസമ്രാട്ടിന്നു് വിനീത ആദരാഞ്ജലികൾ!

മരുന്നുചെടികളെക്കുറിച്ചു പഠനം: ഒരു പുതിയ അദ്ധ്യായം

(5-ാം പേജിൽനിന്നു തുടർച്ച)

കയാണ്, കൂടുതൽ കുഴപ്പങ്ങൾ ഒഴിവാക്കാനുള്ള വഴി.

ശാസ്ത്രഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ള ഔഷധച്ചെടികൾ ഇന്നതിന്നതാണെന്നു നിശ്ചയിക്കുകയാണ് ആദ്യത്തെ നടപടി. അതിനു ശേഷം ഓരോ ചെടിയും പരിശോധനയ്ക്കായി നട്ടുവളർത്തി, അതിൻെറ സവിശേഷതകൾ സൂക്ഷ്മമായി സമ്പാദിക്കണം. ഔഷധവീര്യത്തെക്കുറിച്ചുള്ള വിദഗ്ദ്ധപരിശോധനയും ആവശ്യമത്രേ. രസതന്ത്രപദ്ധതികളനുസരിച്ച് ഓരോന്നിൻെറയും ഔഷധഗുണത്തിൻെറ നിദാനം ആരായേണ്ടതുണ്ട്. ഇങ്ങനെ കൂലങ്കഷമായി പഠിക്കുന്നതുകൊണ്ട് പല പുതിയ വിവരങ്ങളും സിദ്ധിച്ചെന്നു വരും. ചില നൂതന ഔഷധങ്ങൾ തയ്യാറാക്കുന്നതിനു കൂടി സാഹചര്യം ഉണ്ടാകാം. ആധുനിക രീതികളെ അവലംബിച്ച് നമ്മുടെ പഴയ ഔഷധവിജ്ഞാനം പുതിയ പാതയിലേക്കു പ്രവേശിക്കുവാൻ ഇങ്ങനെ ചില നടപടികൾ നന്നായിരിക്കുമല്ലോ.

കേരള സർവ്വകലാശാലയുടെ ശ്രമം

കേരള സർവ്വകലാശാലയുടെ ആഭിമുഖ്യത്തിലുള്ള പദ്ധതിപ്രകാരം ഇതുവരെയായി ഏഴ് പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞു. ഇവയിലാകപ്പാടെ അറുപത്തിയെട്ട് മരുന്നുകളെ സംബന്ധിക്കുന്ന 127 ചെടികളെക്കുറിച്ചാണ് വിവരിച്ചിരിക്കുന്നതു. പുറത്തുവന്നിട്ടുള്ള പുസ്തകങ്ങൾ പുലർത്തുന്ന മാനദണ്ഡം എന്തെന്ന് അറിയുന്നതിന്നു കൗതുകമുള്ളവർ, ആ പുസ്തകങ്ങൾ പരിശോധിയ്ക്കുന്നതാണേററവും ഉത്തമം. ആധുനിക സസ്യ ശാസ്ത്രത്തിലംഗീകരിക്കപ്പെട്ടിട്ടുള്ള രീതിയനുസരിച്ച് ഓരോ ചെടിയെപ്പററിയും വിശദമായ വിവരണം ഈ പുസ്തകങ്ങളിൽ കാണാനുണ്ട്. മലയാളത്തിലും പ്രധാനപ്പെട്ട ഇതര ഇന്ത്യൻ ഭാഷകളിലും ചെടിക്കുള്ള പേര് കൊടുത്തിരിക്കുന്നത് എത്രയോ നല്ല കാര്യമാണ്. ഇവ കൂടാതെ അന്താരാഷ്ട്രീയ അംഗീകാരമുള്ള നാമം പറഞ്ഞിട്ടാണ് ചെടിയെക്കുറിച്ചു വിശദമായി വിവരി

ങ്ങിയവയിൽ നിന്നു് സന്ദർഭോചിതങ്ങളായ വിവരങ്ങൾ ഇതിൽ ക്രോഡീകരിച്ചിരിക്കുന്നു. പ്രാചീന വിജ്ഞാനത്തിൻെറ പശ്ചാത്തലം വിടാതെ ഔഷധച്ചെടികളെ പഠിക്കുന്നതിന് ഇതു് എത്രമാത്രം സഹായിക്കുമെന്നുള്ളതു് വിവരിക്കേണ്ടതായിട്ടില്ല. കേരള സർവ്വകലാശാലയിലെ ഡോ. എ. അബ്രഹാം, ഡോ. പി. പി. പിള്ള തുടങ്ങിയവരും ഈ പദ്ധതിയുമായി സഹകരിക്കുന്നവരിൽപ്പെടുന്നു. സസ്യശാസ്ത്രഗവേഷണങ്ങൾക്കായി ജീവിതം സമർപ്പിച്ചിട്ടുള്ള പ്രൊ. കെ. നാരായണയ്യരുടെ അവിശ്രമപരിശ്രമമാണ് ഈ പദ്ധതിയുടെ വിജയത്തിന്നു് മുഖ്യകാരണമെന്ന് പ്രത്യേകം പറയേണ്ടതുണ്ട്. പ്രസിദ്ധിയോ പ്രതാപമോ മോഹിക്കാതെ, ശാസ്ത്രഗവേഷണങ്ങളിൽമുഴകിക്കഴിയുന്ന പ്രൊ. അയ്യരുടെ മഹത്തായ സേവനം, മററു പലതിലുമെന്നപോലെ, ഈ വിഭാഗത്തിലും, അവിസ്മരണീയമായി വിരാജിക്കുമെന്നുള്ളതിന്നു് രണ്ടു പക്ഷമില്ല. ഭാരതത്തിലും പുറത്തും ശാസ്ത്രപണ്ഡിത

കൃഷിയും, കൃ...

സ...

തേനീച്ച വളർത്തലിനുള്ള കൂടിനെപ്പററിയും തേനീച്ചകളെ അതിലാക്കുന്നതിനെപ്പററിയും തേൻ എടുക്കുന്ന രീതിയെക്കുറിച്ചും വിവരങ്ങൾ നൽകുമോ?

ഉത്തരം—തേനീച്ചപ്പെട്ടിയിൽ പ്രധാനമായി അടിപ്പലക, പുഴഅറ, തേൻ അറ, അടപ്പുപലക എന്നിങ്ങിനെ നാലു ഭാഗങ്ങളുണ്ട്. മാതൃകാപരമായ പെട്ടി അടുത്തുള്ള എൻ.ഇ.എസ്. ബ്ലോക്കിൽ നിന്നു വാങ്ങാം. അതതിടത്തെ ഡിസ്ട്രിക്ട് വില്ലേജ് ഇൻഡസ്ട്രീസ് ആഫീസറുടെ സഹായവും ഇതിന്നു തേടാം. മരങ്ങളുടെ പോടുകൾ, പാറകളുടെ വിടവുകൾ ഇവയിലാണ് തേനീച്ച കൂടുകെട്ടി പാർക്കുന്നത്. ഒരു കൂട്ടിൽ ധാരാളം അടകൾ ഉണ്ടാവും. ഇവയെ സാവധാനം എടുത്ത് കൈവശമുള്ള പെട്ടിയിലെ പുഴഅറയിൽ ഉള്ള ഫ്രെയിമിൽ കെട്ടിവെക്കണം. മിച്ചം വരുന്ന അടകൾ അവയിൽ പുഴവും മുട്ടയും ഇല്ലെങ്കിൽ തേന